പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1849 **26-10-2026-ൽ മറുപടിയ്ക്ക്**

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ അംഗീകാരങ്ങൾ ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെയും റെയിൽവേയുടെയും സംയുക്ത സംരംഭമായ കെ-റെയിൽ കോർപ്പറേഷന് റെയിൽവേ മുൻഗണന നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: കേരള പൊതുമരാമത്ത് വകുപ്പിന്റെ ശുപാർശ പ്രകാരം 66 റോഡ് ഓവർ ബ്രിഡ്ജുകൾ (ROB)/റോഡ് അണ്ടർ ബ്രിഡ്ജുകൾ (RUB) സിംഗിൾ എന്റിറ്റി പ്രകാരം നിർവഹിക്കുന്നതിനായുള്ള ഏജൻസിയായി KRDCL നെ റെയിൽവേ മന്ത്രാലയം ചുമതലപ്പെടുത്തി. ആദ്യഘട്ടത്തിൽ അനുവദിക്കപ്പെട്ട 27 ROB/RUB പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ ചെലവും നിർമ്മാണച്ചെലവിന്റെ 50 ശതമാനവും കേരള സർക്കാർ വഹിക്കേണ്ട സാഹചര്യമായിരുന്നു. എന്നാൽ KRDCL നടത്തിയ ഫലപ്രദമായ ഇടപെടലുകളുടെ ഫലമായി 23 പദ്ധതികൾ പൂർണ്ണമായും റെയിൽവേ ഫണ്ടിങ്ങിൽ (100% Railway Funding) ഉൾപ്പെടുത്തി. ഇതുകൂടാതെ 39 പുതിയ ROB പദ്ധതികളും 100% റെയിൽവേ ഫണ്ടിങ്ങിൽ അനുവദിക്കാൻ സാധിച്ചു.

ഇതുവഴി ആകെ 58 ROB പദ്ധതികൾക്ക് റെയിൽവേയുടെ സമ്പൂർണ ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞത് സംസ്ഥാന സർക്കാരിന് ഭൂമി ഏറ്റെടുക്കൽ ചെലവ് ഉൾപ്പെടെ ഏകദേശം 1,550 കോടി രൂപയുടെ സാമ്പത്തിക ലാഭം നേടിക്കൊടുത്തിട്ടുണ്ട്. ശേഷിക്കുന്ന പദ്ധതികൾക്കും സമ്പൂർണ റെയിൽവേ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. കൂടാതെ, റെയിൽവേ നിർമ്മാണ പ്രവൃത്തികളിൽ പ്രാവീണ്യമുള്ള എഞ്ചിനീയർമാരുടെ ലഭ്യതയും റെയിൽവേ പോർഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവഹിക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യവും പരിഗണിച്ച്, റെയിൽവേ ഭാഗത്തെയും സംസ്ഥാന ഭാഗത്തെയും (Railway portion & Approach portion) പ്രവൃത്തികൾ ഏകീകൃതമായി ഒരൊറ്റ ഏജൻസിയായി നടപ്പിലാക്കാൻ (Single-Entity Basis) റെയിൽവേ കെ.ആർ.ഡി.സി.എൽ നു അനുമതി നൽകിയിട്ടുണ്ട്. നിലവിൽ റോഡ് ഓവർ ബ്രിഡ്ജുകളുടെ (RoB) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിലെ 66 ലെവൽ ക്രോസിംഗ് ഗേറ്റുകൾ ഇല്ലാതാക്കാൻ സാധിക്കുകയും ഗതാഗത സുരക്ഷയും കാര്യക്ഷമതയും ഗണ്യമായി വർധിക്കുകയും ചെയ്യും.

(ബി) കെ-റെയിൽ കോർപ്പറേഷൻ വഴി സമർപ്പിക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്ങുകൾക്ക് താരതമ്യേന ത്വരിതഗതിയിൽ റെയിൽവേയുടെ അംഗീകാരം ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

മറുപടി: റെയിൽവേ നിർമ്മാണ പ്രവൃത്തികളിൽ പ്രാവീണ്യമുള്ള എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ കൃത്യത ഉറപ്പുവരുത്തിക്കൊണ്ടാണ് കെ.ആർ.ഡി.സി.എൽ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്ങുകൾ (ജി.എ.ഡി) തയ്യാറക്കി വരുന്നത്. ആയതിനാൽ കെ-റെയിൽ കോർപ്പറേഷൻ വഴി സമർപ്പിക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ ജി.എ.ഡി കൾക്ക് റെയിൽവേയിൽ നിന്നും ത്വരിത ഗതിയിൽ

(സി) വിവിധ ഏജൻസികൾ വഴി പുരോഗമിക്കുന്ന റെയിൽവേ മേൽപ്പാല നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് കെ-റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;വിശദമാക്കാമോ?

മറുപടി: പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ റെയിൽവേ മേൽപ്പാല നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. മറ്റ് ഏജൻസികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് കെ-റെയിൽ കോർപ്പറേഷന് കൈമാറുന്ന വിഷയം നിലവിൽ സർക്കാർ പരിഗണിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ